# നിൻെറ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്കു പ്രയോജനമത്രേ.

(പാസ്റ്റർ ജോൺ റ്റി. കുരിയൻ)

കേൾക്കുന്നതിനു സുഖകരമല്ലാത്ത ഒരു വാക്യശകലമാണല്ലോ മുകളിൽ ഉദ്ധരിച്ചിരിക്കുന്നത് എങ്കിലും ആ വാക്യശകലം കൊണ്ട് ഒരു ആശയം രൂപപ്പെടുകയില്ലല്ലോ. വാക്യത്തിൻെറ (മത്തായി 5:29) ആശയം പിന്നാലെ ചിന്തിക്കാം.

മത്തായി സുവിശേഷം 5-ാം അദ്ധ്യായം 1-ാം വാക്യത്തിൽ യേശു മലമേൽ കയറി എന്നും 8-ാം അദ്ധ്യായം 1-ാം വാക്യത്തിൽ മലയിൽ നിന്നു ഇറങ്ങി എന്നും ഉള്ളതിനാൽ 5,6,7 എന്നി അദ്ധ്യായങ്ങൾ പർവ്വത പ്രസംഗങ്ങൾ അഥവാ ഗിരി പ്രഭാഷണങ്ങൾ എന്ന പേരിനാൽ അറിയപ്പെടുന്നു. ചിലർ ഇതിനെ വേദപുസ്തകത്തിനുള്ളിലെ ചെറിയ വേദപുസ്തകം എന്നും പറയാറുണ്ട്. യേശു മലമേൽ കയറിയപ്പോൾ അടുത്തു വന്ന ശിഷ്യന്മാരോട് ഉപദേശിച്ചതാണ് പ്രസ്തുത അദ്ധ്യായങ്ങൾ. ആത്മീയ ജീവിതത്തിൻെറ ഉന്നമനത്തിന് ആവശ്യമായിരിക്കുന്നതും ഭാഗ്യകരമായ അനുഭവം നല്കുന്നതുമായ എട്ടു കാര്യങ്ങൾ 5-ാം അദ്ധ്യായം 3 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ ഉൾക്കൊള്ളുന്നു. അതിനു ശേഷം വിജയകരമായ ആത്മീയ ജീവിതത്തിനു വേണ്ടതായ ഇരുപത്തിയേഴു അമൂല്യ സത്യങ്ങൾ കർത്താവു സ്വശിഷ്യന്മാരെ പഠിപ്പിക്കുന്നു. അവയിൽ ഒന്നാണ് 5-ാം അദ്ധ്യായം 27 മുതൽ 30 വരെ വാക്യങ്ങളിൽ കാണുന്ന ആന്തരീകവിശുദ്ധി എന്ന വിഷയം. പ്രവർത്തിയിൽകൂടിയുള്ള പാപം കൂടാതെ, മോഹിച്ചു നോക്കുന്നതും ആന്തരീക വിശുദ്ധിക്കു ഹാനികരമാകുന്നു. 5-ാം അദ്ധ്യായം 29-ാം വാക്യം ഇപ്രകാരം വായിക്കുന്നു, "എന്നാൽ വലങ്കണ്ണു നിനക്കു ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ ചുഴന്നെടുത്ത് എറിഞ്ഞു കളക, നിൻെറ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനെക്കാൾ നിൻെറ അവയവങ്ങളിൽ ഒന്നു നശിക്കുന്നത് നിനക്കു പ്രയോജനമത്രേ." പാപം ചെയ്യുന്ന ഏവനും കരുണ ലഭിക്കാതെ നിത്യ നരകത്തിൽ യാതന അനുഭവിക്കുമെന്നു കർത്താവു വ്യക്തമാക്കുന്നു. പാപത്തെ നിസ്സാരമായി പരിഗണിച്ചാൽ വിശുദ്ധനായിരിപ്പാൻ കഴിയുകയില്ല. വിശുദ്ധനെന്ന പേരോ സ്വയം പ്രശംസയോ എങ്ങും കൊണ്ടെത്തിക്കുക യില്ലല്ലോ. പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തു നില്ക്കണം (എബ്രായർ 12:4). മറ്റാരും അറിയുന്നില്ലെന്നും കാണുന്നില്ലെന്നും പറഞ്ഞു പാപത്തിനു വശംവദരാകുന്നവരുണ്ട്. പാപത്തെ ബലഹീനതയെന്നു പറഞ്ഞു നിസ്സാരമാക്കുന്നവരും ധാരാളം ഉണ്ട്. രക്ഷിക്കപ്പെടുന്നതിനു മുൻപുള്ള പാപസ്വഭാവങ്ങൾ തുടർന്നുപോകുന്നവരും ചുരുക്കമല്ല. ഇതൊന്നും നമ്മെ ദൈവരാജ്യത്തിനു അർഹരാക്കുകയില്ല.

നാവും കണ്ണും സൂക്ഷിക്കുവാൻ കഴിയാതെയിരു ന്നാൽ പാപജീവിതത്തിൽ നിന്നു വിജയം പ്രാപിക്കുവാൻ സാദ്ധ്യമല്ല. ശരീരത്തിലെ ഓരോ അവയവങ്ങളേയും അതിൻെറ മോഹങ്ങളെ അനുസരിക്കുവാൻ അനുവദിക്കരുത്. നമ്മുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായി ദൈവത്തിനു സമർപ്പിക്കണം (റോമർ 6 ആ 13) കോപം അടക്കുവാൻ കഴിയാത്തവരും സംസാരം സൂക്ഷിക്കുവാൻ കഴിയാത്തവരും.......(അങ്ങനെ ആ പട്ടിക നീണ്ടു പോകുന്നു). എല്ലാം നരകത്തീയിൽ നിപതിക്കും എന്നാണ് കർത്താവു പറഞ്ഞത്. അങ്ങനെ വീഴാതെയിരിക്കണമെങ്കിൽ ആ അവയവങ്ങളെ വെട്ടിയെറിഞ്ഞതുപോലെയോ അഥവാ മരിച്ചതു പോലെയോ കണക്കാക്കണം. നരകം പിശാചിനുവേണ്ടി ഉള്ളതാണെങ്കിലും പാപം ചെയ്യുന്ന പിശാചിൻെറ മക്കളും അവനോടുകൂടെ നിത്യകാലം കഴിക്കണം. പാപം ചെയ്യുന്ന വൻ പിശാചിൻെറ മകൻ ആകുന്നുവെന്ന് തിരുവെഴുത്തു പറയുന്നുവല്ലോ. നരകത്തിൽ വീഴുന്നത് എത്ര ഭയങ്കരം. കർത്താവു നരകത്തെ ക്കുറിച്ചു പറഞ്ഞത്," അവിടെ പുഴു ചാകുന്നില്ല തീ കെടുന്നതുമില്ല. എല്ലാവരും തീ കൊണ്ട് ഉപ്പിടും (മർക്കോസ് 9: 48,49). വചനം ഇങ്ങനെയിരിക്കെ, നരകത്തിൽ കരുണയുള്ള കർത്താവ് ആരെയും ഇടുകയില്ല എന്നു പഠിപ്പിക്കുന്നവരും ഉണ്ട്.

ആകയാൽ സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാൻ നമുക്കു ഇടയാകണം. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടക്കുന്നതുപോലെ നടക്കേണ്ട താകുന്നു (1 യോഹന്നാൻ 2:6). നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ മഹത്വം പ്രാപിപ്പാനാണ് സുവി ശേഷത്താൽ നമ്മേ രക്ഷയ്ക്കു യോഗ്യരാക്കിയത്. ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിലെ പ്രഭപോലെ ശോഭിക്കും. കർത്താവു തനിക്കുള്ളവരെ അറിയുന്നു.

EBENEZER PENTECOSTAL CHURCH OF GOD. All Rights Reserved